ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1137

# സൂറ – 39 / അസ്സുമർ

## സൂക്തം: 43 – 48

ഭൗതികന്മാർ ജഢികാസക്തികൾക്കും അഭിനിവേശങ്ങൾക്കും വഴങ്ങി ഏതു പാപകൃത്യം ചെയ്യാനും മടിക്കുകയില്ല. ഈ ലോകത്ത് വല്ല തിരിച്ചടിയും നേരിടേണ്ടിവരുമോ എന്നു മാത്രമേ ചിന്തിക്കൂ. ആരെങ്കിലും അറിഞ്ഞാൽ കുഴപ്പമാകുമെന്നു തോന്നുന്ന കാര്യം ആരും അറിയാതെ ചെയ്യാം. അപ്പുറത്ത് വിചാരണ ചെയ്യാനും ശിക്ഷിക്കാനും ആരെങ്കിലുമുണ്ടെങ്കിൽ അവരുടെ പിടിത്തത്തിൽ പെടാതിരിക്കാൻ വേണ്ട മുൻകരുതലെടുത്തുകൊണ്ട് ചെയ്യും.

أَمِ ٱتَّخَذُواْ مِن دُونِ ٱللَّهِ شُفَعَآءَۚ قُلۡ أَوَلَوۡ كَانُواْ لَا يَمۡلِكُونَ شَيۡـٔٗا وَلَا يَعۡقِلُونَ ٤٣

43. അതല്ല ഇവർ അല്ലാഹുവിനെ വിട്ട് ശിപാർശകരെ വരിച്ചിരിക്കുന്നുവെന്നോ? ഇവരോട് ചോദിക്കുക: പ്രപഞ്ചാധിപത്യം ഒട്ടുമേയില്ലാത്തവരും യാതൊന്നും ഗ്രഹിക്കാത്തവരുമാണെങ്കിലും അവർ നിങ്ങളുടെ ശിപാർശകരാണെന്നോ?!

**43**

أَمِ اتَّخَذُوا = അതല്ല അവർ സ്വീകരിച്ചുവോ (വരിച്ചിരിക്കുന്നുവെന്നോ) مِن دُونِ اللَّهِ = അല്ലാഹുവിനെ കൂടാതെ (വിട്ട്)

شُفَعَاءَ = ശിപാർശകരെ قُلْ = നീ പറയുക (അവരോട് ചോദിക്കുക)

أَوَلَوْ كَانُوا = അവർ ആണെങ്കിലും (നിങ്ങളുടെ ശിപാർശകർ) ആണെന്നോ?

لَا يَمْلِكُونَ شَيْئًا = അവർ ഉടമപ്പെടുത്താത്തവർ (പ്രപഞ്ചത്തിന്റെ ആധിപത്യം ഒട്ടുമേ ഇല്ലാത്തവരും)

وَلَا يَعْقِلُونَ = (യാതൊന്നും) ഗ്രഹിക്കാത്തവരും

പ്രപഞ്ചസ്രഷ്ടാവ് അല്ലാഹുവാണെന്നും അവനെതിരെ ആർക്കും സൃഷ്ടികളെ രക്ഷിക്കാനോ ശിക്ഷിക്കാനോ കഴിയില്ലെന്നും വിഗ്രഹാരാധകർ സ്വയം സമ്മതിക്കുന്നതായി 38-ാം സൂക്തം വ്യക്തമാക്കിയിരുന്നു. അനന്തരം മനുഷ്യരെ സന്മാർഗദർശനം ചെയ്യാനാണ് ഖുർആൻ അവതരിച്ചതെന്നോർമിപ്പിച്ചു. പിന്നെ യാഥാർഥ്യങ്ങളെക്കുറിച്ച് ആലോചിക്കുന്നവർക്ക് മരണവും നിദ്രയും വലിയ പാഠങ്ങൾ നൽകുന്നതായി പറഞ്ഞു. ഈ തെളിഞ്ഞ ദൃഷ്ടാന്തങ്ങളും ന്യായങ്ങളുമെല്ലാം മുമ്പിലുണ്ടായിട്ടും വിഗ്രഹാരാധകർ തങ്ങളുടെ കാര്യം നോക്കാൻ ദിവ്യശക്തികളുള്ള ശിപാർശകരുണ്ട്, തങ്ങൾ അവരെ ആരാധിച്ചുകൊണ്ടേയിരിക്കും എന്ന നിലപാടിൽ ഉറച്ചുനിൽക്കുകയാണ്. അവരുടെ നിലപാട് അത്ഭുതകരമാണെന്ന് സൂചിപ്പിക്കാനാണ് വചനം ചോദ്യരൂപത്തിൽ അവതരിപ്പിച്ചത്. അല്ലാഹുവല്ലാത്ത ആരാധ്യർക്ക് പ്രപഞ്ചത്തിലെ ഒരു കാര്യത്തിലും യഥാർഥമായ അധികാരമോ ഉടമസ്ഥതയോ ഇല്ലെന്നും തങ്ങളുടെ കാര്യങ്ങളൊന്നും ഗ്രഹിക്കുന്നില്ലെന്നും ബോധ്യമായാലും അവർ ഈ നിലപാടു തന്നെ തുടരുമെന്നോ? ബുദ്ധിയും ബുദ്ധിപൂർവം കാര്യങ്ങൾ ഗ്രഹിക്കലുമാണ് عقل . അതിൽനിന്നുള്ള ക്രിയാരൂപമാണ് يعقل. ഇവിടെ ഈ വാക്കിന് രണ്ടു താൽപര്യങ്ങളുണ്ട്: 1) അല്ലാഹുവല്ലാത്ത ആരാധ്യർക്കു പ്രപഞ്ചത്തിന്മേൽ ഉടമസ്ഥതയോ അധികാരമോ ഇല്ലെന്നു മാത്രമല്ല, അവർ പ്രാപഞ്ചിക യാഥാർഥ്യങ്ങളെക്കുറിച്ചു ജ്ഞാനമുള്ളവരുമല്ല. 2) ആരാധകരുടെ ആരാധനകൾ കാണാനോ കേൾ

ക്കാനോ കഴിവുള്ളവരുമല്ല. ഒന്നുകിൽ കേവലം നിർജീവ വിഗ്രഹങ്ങളാണവ. അല്ലെങ്കിൽ സങ്കൽപ സൃഷ്ടികളാണ്. അതുമല്ലെങ്കിൽ മൺമറഞ്ഞുപോയ ശിഷ്ടരോ ദുഷ്ടരോ ആയ ആളുകളാണ്. ●

---

قُل لِّلَّهِ ٱلشَّفَٰعَةُ جَمِيعًا ۖ لَّهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ ثُمَّ إِلَيْهِ تُرْجَعُونَ ﴿٤٤﴾

44. പ്രവാചകൻ അസന്ദിഗ്ധമായി പ്രസ്താവിക്കുക: ശിപാർശയഖിലം അല്ലാഹുവിന്നു മാത്രമുള്ളതാകുന്നു. അവന്നു മാത്രമാകുന്നു വാനഭുവനങ്ങളുടെ ആധിപത്യം. ഒടുവിൽ നിങ്ങളെല്ലാവരും അവങ്കലേക്ക് തന്നെ തിരിച്ചയക്കപ്പെടുന്നതാകുന്നു.

**44**

قُل = നീ പറയുക (പ്രവാചകൻ അസന്ദിഗ്ധമായി പ്രസ്താവിക്കുക)

لِلَّهِ الشَّفَاعَةُ جَمِيعًا = ശിപാർശയഖിലം അല്ലാഹുവിനു മാത്രമുള്ളതാകുന്നു

لَهُ مُلْكُ السَّمَاوَاتِ وَالْأَرْضِ = അവനു മാത്രമുള്ളതാകുന്നു വാനഭുവനങ്ങളുടെ ആധിപത്യം

ثُمَّ إِلَيْهِ تُرْجَعُونَ = പിന്നെ (ഒടുവിൽ) നിങ്ങൾ (എല്ലാവരും) അവങ്കലേക്കു തന്നെ തിരിച്ചയക്കപ്പെടുന്നതാകുന്നു

ഇഹപര വിജയത്തിന്റെ പ്രതീക്ഷകളത്രയും ശിപാർശകരിലർപ്പിച്ച മൂഢജനങ്ങളോട് അസന്ദിഗ്ധമായി പറയാൻ പ്രവാചകനോടു കൽപിക്കുകയാണ്: ശിപാർശയഖിലവും അല്ലാഹുവിന്റെ പരമാധികാരത്തിനു വിധേയമാകുന്നു. അവന്റെ അധികാരത്തെ മറികടക്കാനോ തീരുമാനം ഭേദഗതി ചെയ്യാനോ കഴിയുന്ന ഒരു ശിപാർശകനുമില്ല. തോന്നുന്നവർക്കൊക്കെയും യഥേഷ്ടം കയറിച്ചെന്ന് ശിപാർശ ചെയ്യാനും അഭിപ്രായം പറയാനും സാധ്യമാകുന്ന സന്നിധാനമല്ല അവന്റേത്.

رَّبِّ السَّمَاوَاتِ وَالْأَرْضِ وَمَا بَيْنَهُمَا الرَّحْمَٰنِ ۖ لَا يَمْلِكُونَ مِنْهُ خِطَابًا ﴿٣٧﴾ يَوْمَ يَقُومُ الرُّوحُ وَالْمَلَائِكَةُ صَفًّا ۖ لَّا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ الرَّحْمَٰنُ وَقَالَ صَوَابًا ﴿٣٨﴾

(ആകാശഭൂമികളുടെ നാഥന്റെ സന്നിധാനമാണത്. കരുണാവാരിധി അനുവദിക്കുകയും ശരിയായതു മാത്രം പറയുകയും ചെയ്യുന്നവർക്കല്ലാതാർക്കും അവനോട് സംസാരിക്കാൻ കഴിയില്ല -78:37). مَن ذَا الَّذِي يَشْفَعُ عِندَهُ إِلَّا بِإِذْنِهِ (അനുമതിയില്ലാതെ അവങ്കൽ ശിപാർശ ചെയ്യാനാരുണ്ട്? -2:255). وَلَا يَشْفَعُونَ إِلَّا لِمَنِ ارْتَضَىٰ (അവൻ തൃപ്തിപ്പെട്ടവർക്കല്ലാതെ അവർക്ക് ശിപാർശ ചെയ്യാനാവില്ല -21:28). ഇതിനു പുറമെ *അൽ അഅ്റാഫ്, അൽഅൻആം, യൂനുസ്, ത്വാഹാ, സബഅ്, അർറൂം* തുടങ്ങി നിരവധി സൂറകളിലും ശിപാർശ പരാമർശിക്കപ്പെട്ടിരിക്കുന്നു. കൂടുതൽ ചർച്ച പ്രസ്തുത സൂറകളിൽ കാണാം. ശിപാർശകളിലഖിലം അല്ലാഹുവിന്റെ അനുമതിക്കും തൃപ്തിക്കും വിധേയമാകുന്നു എന്നതിന്റെ ന്യായം വ്യക്തമാക്കുകയാണ് لَّهُ مُلْكُ .... تُرْجَعُونَ എന്ന വാക്യം. അല്ലാഹുവിന്റെ അനുവാദമോ തൃപ്തിയോ ഇല്ലാതെ ആർക്കെങ്കിലും ശിപാർശ ചെയ്യാൻ കഴിയണമെങ്കിൽ ശിപാർശകൻ ദിവ്യത്വത്തിന്റെ ഏതെങ്കിലും ഗുണത്തിൽ അവനേക്കാൾ മികച്ചവനോ അവനു തുല്യനോ ആയിരിക്കണം. അല്ലെങ്കിൽ ശിപാർശകനെ മാനിക്കാൻ നിർബന്ധിക്കുന്ന എന്തെങ്കിലും സവിശേഷത അയാൾക്കുണ്ടാവണം. അല്ലാഹുവിന്റെ കാര്യത്തിൽ ഇപ്പറഞ്ഞ സംഗതികളൊന്നും ഒട്ടും പ്രസക്തമാകുന്നില്ല. പ്രപഞ്ചത്തിന്റെ ഏക ഉടമയും പരമാധികാരിയുമാണവൻ. ഒരു കാര്യത്തിലും അവനു മീതെയോ തുല്യമോ ആയ ഒരു ശക്തിയുമില്ല. പ്രപഞ്ചത്തിലുള്ളതെല്ലാം അവന്റെ സൃഷ്ടികളാണ്. അവൻ ഒരു സൃഷ്ടിയുടെയും ആശ്രിതനല്ല, സൃഷ്ടികളൊക്കെയും അവന്റെ ആശ്രിതരാണ്. ഒരു സൃഷ്ടിയും അവന് ഔദാര്യമോ സഹായമോ ചെയ്യുന്നില്ല, ചെയ്യേണ്ട ആവശ്യമില്ല. അവൻ ആരിൽനിന്നും യാതൊന്നും ആവശ്യപ്പെടുന്നുമില്ല. ശിപാർശകരും ശിപാർശ ചെയ്യപ്പെടുന്നവരും അവന്റെ മുന്നിൽ മാത്രമാണ് ഹാജരാക്കപ്പെടുന്നത്. ആരും മറ്റാരുടെയും മുന്നിൽ ഹാജരാക്കപ്പെടുന്നില്ല. എല്ലാവരും അവന്റെ മുന്നിൽ വിചാരണ ചെയ്യപ്പെടുന്നവരാണ്. ആ കോടതിയിൽ ചില കക്ഷികൾക്ക് മറ്റു കക്ഷികൾക്കു വേണ്ടി ശിപാർശ ചെയ്യാനോ വാദിക്കാനോ കഴിയുന്നതെങ്ങനെ? ●

---

وَإِذَا ذُكِرَ ٱللَّهُ وَحْدَهُ ٱشْمَأَزَّتْ قُلُوبُ ٱلَّذِينَ لَا يُؤْمِنُونَ بِٱلْءَاخِرَةِ ۖ وَإِذَا ذُكِرَ ٱلَّذِينَ مِن دُونِهِۦٓ إِذَا هُمْ يَسْتَبْشِرُونَ ﴿٤٥﴾

45. ഏകനായ അല്ലാഹുവിനെക്കുറിച്ചു പറഞ്ഞാൽ പരലോകവിശ്വാസമില്ലാത്തവർക്ക് മനം പിരട്ടുകയായി. അല്ലാഹുവിനെ വിട്ട് ഇതര ദൈവങ്ങളെക്കുറിച്ചു പറഞ്ഞാലോ, അവരതാ പുളകം കൊള്ളുന്നു.

**45**

وَإِذَا ذُكِرَ اللَّهُ وَحْدَهُ = അല്ലാഹു അവൻ ഏകനായ നിലയിൽ ഓർമിപ്പിക്കപ്പെട്ടാൽ (ഏകനായ അല്ലാഹുവിനെക്കുറിച്ചു പറഞ്ഞാൽ)

اشْمَأَزَّتْ قُلُوبُ الَّذِينَ لَا يُؤْمِنُونَ بِالْآخِرَةِ = പരലോക വിശ്വാസമില്ലാത്തവർക്ക് മനം പിരട്ടുകയായി

وَإِذَا ذُكِرَ الَّذِينَ مِن دُونِهِ = അവനല്ലാത്തവർ ഓർമിപ്പിക്കപ്പെട്ടാൽ (അല്ലാഹുവിനെ വിട്ട് ഇതര ദൈവങ്ങളെക്കുറിച്ചു പറഞ്ഞാലോ)

إِذَا هُمْ يَسْتَبْشِرُونَ = അവരതാ സന്തോഷിക്കുന്നു (പുളകം കൊള്ളുന്നു)

اشمأزاز-ൽനിന്നുള്ള ക്രിയയാണ് اشْمَأَزَّتْ ക്ഷോഭ്യവും വൈമനസ്യവും മനംമടുപ്പുമൊക്കെയാണ് اشمأزاز അതിന്റെ വിപരീതമായ استبشار-ൽനിന്നുള്ള ക്രിയയാണ് يَسْتَبْشِرُونَ ദൈവത്തിന്റെ പങ്കാളികളും ശിപാർശകരുമായി സങ്കൽപിക്കപ്പെടുന്നവരിൽ വിഗ്രഹാരാധകർ പുലർത്തുന്ന വിശ്വാസത്തിന്റെയും കൂറിന്റെയും ആഴം തുറന്നു കാണിക്കുകയാണീ സൂക്തം. ഇക്കാര്യം നേരത്തേ 17:46-ൽ പരാമർശിച്ചിട്ടുള്ളതും *ഖുർആൻ ബോധനം* വിശദീകരിച്ചിട്ടുള്ളതുമാണ്. ഈ രണ്ടിടങ്ങളിലും وَحْدَهُ – 'അവനെ ഏകനായിട്ട്' എന്ന് എടുത്തു പറഞ്ഞിരിക്കുന്നു. അല്ലാഹുവിനെ അവർ നിഷേധിക്കുന്നില്ല. അവനെ അംഗീകരിക്കുന്നത് പക്ഷേ തങ്ങളുടെ ആരാധ്യമൂർത്തികളുടെ പിതാവ് അല്ലെങ്കിൽ നായകൻ, അല്ലെങ്കിൽ പങ്കാളി എന്ന നിലയിലാണ്. തങ്ങൾ ആരാധിക്കുന്ന ഇഷ്ടദൈവങ്ങളെക്കുറിച്ചൊന്നും മിണ്ടാതെ അല്ലാഹുവിനെ കുറിച്ചു മാത്രം പറയുന്നതും അവനെ മാത്രം പ്രകീർത്തിക്കുന്നതും അവരെ നീരസപ്പെടുത്തുകയും ചിലപ്പോൾ ക്ഷുഭിതരാക്കുകയും ചെയ്യുന്നു. എന്നാൽ അല്ലാഹു അല്ലാത്ത ആരാധ്യരെക്കുറിച്ചു പറഞ്ഞാലോ അവർ സന്തുഷ്ടരും പ്രസന്നരുമാകുന്നതു കാണാം. ബഹുദൈവങ്ങളോടൊപ്പം അല്ലാഹുവിനെ അനുസ്മരിച്ചില്ലെങ്കിലും സന്തോഷത്തിനു കുറവുണ്ടാവില്ല. കാരണം അവരുടെ കൂറും ഭക്തിയും അല്ലാഹുവിനോടല്ല, ഇഷ്ടദൈവങ്ങളോടാണ്.

യഥാർഥത്തിൽ പരലോകത്തിലും അവർ വിശ്വസിക്കുന്നില്ല. അവരുടെ ദൃഷ്ടിയിൽ പരലോകം അനേകായിരം ദൈവങ്ങൾ വാഴുന്ന സ്ഥലമാണ്. തങ്ങളുടെ പ്രാർഥനകളും പൂജകളും കൈക്കൊള്ളുകയും പകരം ഈ ലോകത്ത് തങ്ങളാവശ്യപ്പെടുന്നതൊക്കെ നിവർത്തിച്ചുതരികയുമാണ് ദൈവങ്ങൾക്കു ചെയ്യാനുള്ളത്. മരണാനന്തരം തങ്ങളും ആ ലോകത്തെത്തുമെന്നൊന്നും അവർ കരുതുന്നില്ല. ഇനി എത്തിയാലും പേടിക്കാനില്ല. ഇവിടെ കാത്തരുളുന്ന ദൈവങ്ങൾ അവിടെയും കാത്തരുളും. ആ ദൈവങ്ങൾ അവർക്ക് ഭദ്രമായ ജീവിത ദർശനമോ ധർമശാസനമോ നൽകുന്നില്ല. ദൈവവിശ്വാസവും ആരാധനയും മനുഷ്യപ്രകൃതിയുടെ താൽപര്യമാണ്. ഈ താൽപര്യത്തെ ബഹുദൈവങ്ങളോടും ശിപാർശകരോടും ബന്ധിപ്പിച്ചുകൊണ്ട് ദൈവധിക്കാരപരമായ സ്വേഛ ജീവിതം നയിക്കാൻ ചെകുത്താൻ അവതരിപ്പിച്ച തന്ത്രമാണ് വിഗ്രഹാരാധനയും ബഹുദൈവ വിശ്വാസവും. ●

46. പ്രവാചകൻ പ്രാർഥിക്കുക: ആകാശഭൂമികളെ മാതൃകയില്ലാതെ ആവിഷ്കരിച്ചവനും ദൃശ്യാദൃശ്യങ്ങളൊക്കെയും അറിയുന്നവനുമായ അല്ലാഹുവേ, നിന്റെ അടിമകൾ ഭിന്നിച്ച വിഷയങ്ങളിൽ നീ തന്നെ വിധികൽപിക്കുന്നതാകുന്നു.

قُلِ ٱللَّهُمَّ فَاطِرَ ٱلسَّمَٰوَٰتِ وَٱلْأَرْضِ عَٰلِمَ ٱلْغَيْبِ وَٱلشَّهَٰدَةِ أَنتَ تَحْكُمُ بَيْنَ عِبَادِكَ فِى مَا كَانُوا۟ فِيهِ يَخْتَلِفُونَ ﴿٤٦﴾

**46**

قُلْ = നീ പറയുക (പ്രവാചകൻ പ്രാർഥിക്കുക) اللَّهُمَّ = അല്ലാഹുവേ

فَاطِرَ السَّمَاوَاتِ وَالْأَرْضِ = വാനഭുവനങ്ങൾ മാതൃകയില്ലാതെ ആവിഷ്കരിച്ചവനേ

عَالِمَ الْغَيْبِ وَالشَّهَادَةِ = ദൃശ്യാദൃശ്യങ്ങൾ അറിയുന്നവനുമേ أَنتَ تَحْكُمُ = നീ തന്നെ വിധിക്കുന്നതാകുന്നു

بَيْنَ عِبَادِكَ = നിന്റെ അടിമകൾക്കിടയിൽ فِي مَا كَانُوا فِيهِ يَخْتَلِفُونَ = അവർ ഭിന്നിച്ചിരുന്നതി(ച്ച വിഷയങ്ങളി)ൽ

വേദപ്രമാണങ്ങളും ദൃഷ്ടാന്തങ്ങളുടെ സാക്ഷ്യങ്ങളും തള്ളിക്കളഞ്ഞ് ബഹുദൈവങ്ങളിൽ അന്ധമായി വിശ്വസിക്കുന്ന മൂഢ ജനങ്ങളോട് ഇനിയും തർക്കിക്കേണ്ടതില്ല. യാഥാർഥ്യം അംഗീകരിക്കാൻ സന്മനസ്സുള്ളവരേ സത്യവിശ്വാസം കൈക്കൊള്ളുകയുള്ളൂ. ഇക്കൂട്ടർ ഇഷ്ടമുള്ളതിനെ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്തുകൊള്ളട്ടെ. പ്രവാചകൻ അവർക്കു മറുപടിയെന്നോണം അല്ലാഹുവിനോട് ഇപ്രകാരം പ്രാർഥിച്ച് ആശ്വാസം കൊള്ളുക. اللَّهُمَّ-യിലെ مّ പ്രാർഥനയിലുപയോഗിക്കുന്ന വിളി പ്രത്യയമാണ്. സാധാരണ വിളിയെ സൂചിപ്പിക്കുന്ന ശബ്ദങ്ങൾ أ-യും يا-ഉം أيا-ഉം ആണ്. വിളിക്കപ്പെടുന്നയാൾ തൊട്ടടുത്താണെങ്കിൽ أمحمد എന്നും അൽപം അകലെയാണെങ്കിൽ يا محمد എന്നും വളരെ ദൂരത്താണെങ്കിൽ أيا محمد എന്നും വിളിക്കുന്നു. مّ അല്ലാഹുവിനോടേ ചേർക്കാറുള്ളൂ, അതും പ്രാർഥിക്കുമ്പോൾ മാത്രം. മുൻ മാതൃകയോ മാർഗദർശിയോ ഇല്ലാതെ ആവിഷ്കരിക്കുന്നവനാണ് فَاطِر. പ്രാർഥനയുടെ സാരം ഇതാണ്: പൂർവ മാതൃകയില്ലാതെ ശൂന്യതയിൽനിന്ന് പ്രപഞ്ചത്തെ ഉളവാക്കിയവനും ദൃശ്യാദൃശ്യങ്ങളൊക്കെയും അറിയുന്നവനുമായ അല്ലാഹുവേ, നിന്റെ അടിമകൾ ഭിന്നിച്ച വിഷയങ്ങളിൽ ഒരു നാൾ നീ തന്നെ വിധി പറയുമെന്ന് എനിക്കുറപ്പുണ്ട്. നിന്റെ വിധി നീതിയെ പൂർണമായി പ്രത്യക്ഷമാക്കും. സമ്പൂർണ നീതിയുടെ സാക്ഷാത്കാരം സംഭവിക്കും. ഭൗതിക ലോകം മഹത്തായ ലക്ഷ്യമുള്ളതാണെന്നും നീ നീതിമാനും സർവജ്ഞനുമായ ദൈവമാണെന്നും സ്ഥിരപ്പെടുത്തും. ●

47. അക്രമികളായവർക്ക് ഭൂമിയിലുള്ള സകലമാന വിഭവങ്ങളും ഒപ്പം അത്രതന്നെ വേറെയും ലഭിക്കുകയാണെങ്കിൽ, ഉയിർത്തെഴുന്നേൽപു നാളിലെ ശിക്ഷാ ദൗഷ്ട്യത്തിൽനിന്ന് രക്ഷപ്പെടാൻ അതൊക്കെയും അവർ പിഴയായൊടുക്കിക്കളയും. നേരത്തേ കണക്കാക്കിയിട്ടില്ലാത്തതാണ് അന്ന് അല്ലാഹുവിങ്കൽനിന്ന് അവർക്കു വെളിപ്പെടുക.

وَلَوْ أَنَّ لِلَّذِينَ ظَلَمُوا۟ مَا فِى ٱلْأَرْضِ جَمِيعًا وَمِثْلَهُۥ مَعَهُۥ لَٱفْتَدَوْا۟ بِهِۦ مِن سُوٓءِ ٱلْعَذَابِ يَوْمَ ٱلْقِيَٰمَةِ ۚ وَبَدَا لَهُم مِّنَ ٱللَّهِ مَا لَمْ يَكُونُوا۟ يَحْتَسِبُونَ ﴿٤٧﴾

48. അവർ സമ്പാദിച്ചുകൂട്ടിയ തിന്മകളെല്ലാം അവർക്കു വെളിപ്പെടുന്നു. അവർ പരിഹസിച്ചിരുന്ന കാര്യങ്ങളെല്ലാം അവരെ വലയം ചെയ്യുന്നു.

وَبَدَا لَهُمْ سَيِّـَٔاتُ مَا كَسَبُوا۟ وَحَاقَ بِهِم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٤٨﴾

**47,48**

وَلَوْ أَنَّ لِلَّذِينَ ظَلَمُوا = അക്രമികളായവർക്ക് ഉള്ളത് (ലഭിക്കുക) ആണെങ്കിൽ
مَا فِي الْأَرْضِ جَمِيعًا = ഭൂമിയിലുള്ളത് (വിഭവങ്ങൾ) ഒക്കെയും
وَمِثْلَهُ مَعَهُ = അതിന്റെ കൂടെ അതുപോലെയും (ഒപ്പം അത്രതന്നെ വേറെയും)
لَافْتَدَوْا بِهِ = അതുകൊണ്ട് അവർ തീർച്ചയായും പിഴകൊടുത്തു (അതൊക്കെയും അവർ പിഴയായി ഒടുക്കിക്കളയും)
مِن سُوءِ الْعَذَابِ = ശിക്ഷാദുഷ്ടതയിൽനിന്ന് (രക്ഷപ്പെടാൻ) يَوْمَ الْقِيَامَةِ = ഉയിർത്തെഴുന്നേൽപുനാളിലെ
وَبَدَا لَهُم مِّنَ اللَّهِ = (അന്ന്) അല്ലാഹുവിങ്കൽനിന്ന് അവർ വെളിപ്പെ(ടുക)ട്ടു
مَا لَمْ يَكُونُوا يَحْتَسِبُونَ = നേരത്തേ അവർ വിചാരിക്കുന്നവരായിട്ടില്ലാത്തത് (കണക്കാക്കിയിട്ടില്ലാത്തതാണ്)
وَبَدَا لَهُمْ = അവർക്കു വെളിപ്പെ(ടുന്ന)ട്ടു سَيِّئَاتُ مَا كَسَبُوا = അവർ സമ്പാദിച്ചതിന്റെ തിന്മകൾ (ചെയ്തുകൂട്ടിയ തിന്മകളെല്ലാം)
وَحَاقَ بِهِم = അവരെ ബാധിക്കുന്നു, വലയം ചെയ്യുന്ന
مَّا كَانُوا بِهِ يَسْتَهْزِئُونَ = അവർ പരിഹസിച്ചിരുന്നതെന്താണോ അത് (പരിഹസിച്ചിരുന്ന കാര്യങ്ങളെല്ലാം)

لِلَّذِينَ ظَلَمُوا കൊണ്ട് ഇവിടെ ഉദ്ദേശ്യം മുശ്‌രിക്കുകൾ -الَّذِينَ أَشْرَكُوا- ആണ്. അക്രമങ്ങളിൽ ഏറ്റവും വലിയത് ശിർക്ക് ആണല്ലോ; إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ (ശിർക്ക് ഭയങ്കര അക്രമം തന്നെയാകുന്നു - 31:13). മനുഷ്യൻ അവന്റെ സ്രഷ്ടാവായ ദൈവത്തെ വിട്ട് സ്വയം ദൈവത്തെ സൃഷ്ടിക്കുക എന്നതുതന്നെ ഏറ്റവും ഗുരുതരമായ അക്രമമാണ്. മറ്റനേകം അക്രമങ്ങൾക്ക് അത് ജന്മം നൽകുകയും ചെയ്യുന്നു. ഭൗതിക ജീവിതത്തിന്റെ ക്ഷണിക സുഖങ്ങൾ മോഹിച്ച ജനം ബഹുദൈവാരാധനയിൽ മുഴുകി, ഈ ലോകത്തും പരലോകം ഉണ്ടെങ്കിൽ അവിടെയും ആ ദൈവങ്ങൾ തങ്ങൾക്ക് സുഖസൗഭാഗ്യങ്ങൾ നേടിത്തരും എന്ന മൂഢവിശ്വാസത്തിൽ അഭിരമിക്കുന്നവർ അന്ത്യനാളിൽ അഭിമുഖീകരിക്കേണ്ടിവരുന്നത് അതിഭയാനകമായ ഒരവസ്ഥാവിശേഷത്തെയായിരിക്കും. ഭൂമിയിലുള്ള സകലമാന വിഭവങ്ങളും അത്രതന്നെ വേറെ വിഭവങ്ങളും ലഭിക്കുകയാണെങ്കിൽ അതൊക്കെയും പിഴയായി ഒടുക്കിയിട്ടെങ്കിലും അന്നത്തെ ശിക്ഷാ ദൗഷ്ട്യത്തിൽനിന്ന് രക്ഷപ്പെടാൻ കഴിഞ്ഞെങ്കിൽ എന്ന് അവർ കൊതിക്കുന്നു. കൂടുതൽ വിശദീകരണം 3:91, 5:36, 10:54, 13:18 സൂക്തങ്ങൾക്കു താഴെ കാണുക.

ഭൗതികന്മാർ ജഡികാസക്തികൾക്കും അഭിനിവേശങ്ങൾക്കും വഴങ്ങി ഏതു പാപകൃത്യം ചെയ്യാനും മടിക്കുകയില്ല. ഈ ലോകത്ത് വല്ല തിരിച്ചടിയും നേരിടേണ്ടിവരുമോ എന്നു മാത്രമേ ചിന്തിക്കൂ. ആരെങ്കിലും അറിഞ്ഞാൽ കുഴപ്പമാകുമെന്നു തോന്നുന്ന കാര്യം ആരും അറിയാതെ ചെയ്യും. അപ്പുറത്ത് വിചാരണ ചെയ്യാനും ശിക്ഷിക്കാനും ആരെങ്കിലുമുണ്ടെങ്കിൽ അവരുടെ പിടിത്തത്തിൽ പെടാതിരിക്കാൻ വേണ്ട മുൻകരുതലെടുത്തുകൊണ്ട് ചെയ്യും. ദൈവഭയമോ ധർമബോധമോ അവരുടെ കർമങ്ങളെ നിയന്ത്രിക്കുകയില്ല. ആരെങ്കിലും അല്ലാഹുവിനെയും പരലോകത്തെയും കുറിച്ച് ഓർമിപ്പിച്ചാൽ പറയും: അതൊക്കെ വെറും മിഥ്യാ സങ്കൽപങ്ങളാണ്. ഒരുപക്ഷേ നിങ്ങൾ വിശ്വസിക്കുന്നതുപോലെ ദൈവവും പരലോകവും ഉണ്ടെങ്കിൽ തന്നെ ആ ദൈവം സൃഷ്ടികളോട് സ്നേഹമുള്ളവനും കരുണാമയനും ഉദാരനുമായിരിക്കണം. അങ്ങനെയുള്ള ദൈവം അവന്റെ സൃഷ്ടികളെ കഠിനമായി ശിക്ഷിക്കുകയൊന്നുമില്ല. അങ്ങനെ നമ്മെ ശിക്ഷിച്ചിട്ട് അവനെന്തു കിട്ടാനാണ്?! ഈ ലോകത്ത് ഞങ്ങളെ സൗഭാഗ്യകരവും അഭിമാനകരവുമായ ജീവിതം നൽകി അനുഗ്രഹിച്ച ദൈവം പരലോകത്തും ഞങ്ങൾക്കതു അതുതന്നെയാണ് നൽകുക. അവിടെ അവൻ ഞങ്ങളെപ്പിടിച്ച് ദുരിതമയവും നികൃഷ്ടവുമായ നരകീയ ജീവിതത്തിലേക്ക് വലിച്ചെറിയുമെന്ന് വിചാരിക്കാൻ ഒരു ന്യായവുമില്ല. ഇങ്ങനെയൊക്കെയായിരുന്നു പരലോകത്തെയും അല്ലാഹുവിനെയും അവർ വിലയിരുത്തിയിരുന്നത്. ആ കണക്കുകൂട്ടലുകളെല്ലാം കേവലം പാഴ് സ്വപ്നങ്ങളും വ്യാമോഹങ്ങളുമായിരുന്നുവെന്ന് അന്നവർക്കു ബോധ്യമാകുന്നു. അവരുടെ സങ്കൽപത്തിൽ ഒരിക്കലും വന്നിട്ടില്ലാത്ത ഒരു പരലോകത്തെയും പടച്ചവനെയുമാണ് അവരവിടെ അഭിമുഖീകരിക്കുന്നത്. ഇതാണ് وَبَدَا لَهُم مِّنَ اللَّهِ مَا لَمْ يَكُونُوا يَحْتَسِبُونَ -ന്റെ താൽപര്യം.

കർമങ്ങളൊന്നും ആരും നിരീക്ഷിക്കുന്നില്ല, രേഖപ്പെടുത്തുന്നുമില്ല. അതിന്റെ വിചാരണയും രക്ഷാശിക്ഷകളും ഉണ്ടാകുമെന്ന സിദ്ധാന്തം വെറുതെ ആളുകളെ ഭയപ്പെടുത്താൻ പറയുന്നതാണ്. കർമങ്ങൾക്ക് ഈ ലോകത്ത് നല്ലതോ ചീത്തയോ ആയ ഫലങ്ങളും പ്രത്യാഘാതങ്ങളുമുണ്ടാകും. പക്ഷേ, കർത്താവ് മരിക്കുന്നതോടെ കർമവും മരിക്കും. പിന്നൊന്നുമില്ല. പരലോകത്ത് സൽഫലം മോഹിച്ച് കർമം ചെയ്യുന്നവരും ശിക്ഷ പേടിച്ച് ചെയ്യാതിരിക്കുന്നവരും അന്ധവിശ്വാസികളാണ്, വിഡ്ഢികളാണ്. ഇതൊക്കെയായിരുന്നു കർമജീവിതത്തെക്കുറിച്ചുള്ള അവരുടെ വീക്ഷണം. പരലോകത്തെത്തിയപ്പോൾ തങ്ങളുടെ ഏക സമ്പാദ്യമായി കാണുന്നത് നേരത്തേ ചെയ്തുകൂട്ടിയ പാപകർമങ്ങളാണ്. ചെയ്ത കർമം മാത്രമല്ല, ആ കർമത്തിന്റെ അനന്തര ഫലമായി ഉളവായ തിന്മകളും കർമസമ്പാദ്യത്തിൽ പെടുന്നു. ആ ഫലങ്ങളിൽ പലതും അവർ ആഗ്രഹിച്ചതല്ല, അറിഞ്ഞതുമല്ല. ചില കർമ ദോഷങ്ങൾ പ്രത്യക്ഷപ്പെട്ടത് അവരുടെ കാലശേഷമാണ്. അങ്ങനെ തന്റെ ജീവിതകാലത്തെ ചിന്തയും ചൊല്ലും ചെയ്ത്തുമെല്ലാം ഒരു സ്ക്രീനിലെന്നോണം മുന്നിൽ തെളിയുന്നു. താൻ പുഛിക്കുകയും പരിഹസിക്കുകയും ചെയ്ത കാര്യങ്ങൾ അഗ്നിസർപ്പങ്ങളായി ചുറ്റിവരിയുന്നു. ഇതാണ് وَبَدَا لَهُمْ ....... يَسْتَهْزِئُونَ എന്ന വാക്യത്തിന്റെ ആശയം. ●